No. KITE/2020/1234 (3) തീയതി : 19.03.2020

# സർക്കുലർ

**വിഷയം :- കൈറ്റ് - അവധിക്കാല അധ്യാപക പരിശീലനത്തിന് മുന്നോടിയായുള്ള ഐസിടി പരിശീലനം - സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്**

**സൂചന:-** ഈ ഓഫീസിലെ 16.03.2020-ലെ KITE/2020/1234 (2) നമ്പർ സർക്കുലർ.

സൂചന പ്രകാരം 2019-2020 അവധിക്കാലത്ത് നടത്താൻ തീരുമാനിച്ച ഇ-ക്യൂബ് ഇംഗ്ലീഷ് പരിശീലനത്തിന് മുന്നോടിയായ ഐ.സി.ടി പരിശീലനം 2020 മാർച്ച് 18 മുതൽ ആരംഭിച്ചു. പരിശീലനത്തിന്റെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച് സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നു:

1. പ്രത്യേക റിസോഴ്സ് പേഴ്സൺമാർ ഇല്ലാതെ സ്വയംപഠന രീതിയിൽ ക്രമീകരിച്ചിട്ടുള്ള പരിശീലനമായതിനാൽ ഓരോ ദിവസത്തെയും മൊഡ്യൂൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ലെങ്കിൽ തൊട്ടടുത്ത ദിവസം അത് പൂർത്തീകരിച്ചശേഷം അടുത്ത ദിവസത്തെ മൊഡ്യൂൾ ആരംഭിച്ചാൽ മതിയാകും. ഇത്തരം പ്രവർത്തനങ്ങൾ അധ്യാപകർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിലിരുന്ന് നടത്താവുന്നതാണ്. ഈ രീതിയിൽ അഞ്ച് ദിവസത്തെ മൊഡ്യൂളുകളും 2020 മാർച്ച് 31-നകം പൂർത്തീകരിച്ചാൽ മതിയാകും.
2. സ്കൂളിൽവെച്ച് പരിശീലനത്തിൽ പങ്കെടുക്കുമ്പോൾ രോഗപ്രതിരോധം സംബന്ധിച്ച് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അകലം പാലിച്ച് സീറ്റുകൾ ക്രമീകരിക്കേണ്ടതാണ്.
3. ഓരോ ദിവസത്തെയും പരിശീലന സാമഗ്രികൾ എല്ലാവരും ഡൗൺലോഡ് ചെയ്യണമെന്നില്ല. ഒരാൾ ഡൗൺലോഡ് ചെയ്ത് പകർപ്പെടുത്ത് പരിശീലിക്കാവുന്നതാണ്.
4. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അധ്യാപകർക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇതിനായി ഓരോ ദിവസത്തെയും അസൈൻമെന്റുകൾ ഡിജിറ്റലുകളായോ അല്ലാതെയോ നിർദേശിച്ചിരിക്കുന്ന രീതിയിൽ പ്രഥമാധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്.
5. പരിശീലന മൊഡ്യൂളുകൾ അധ്യാപകർക്ക് മൊബൈൽ ഫോൺ സൗകര്യം ഉപയോഗിച്ച് ഡൗൺലോഡ് ചെയ്യാവുന്നതും വീഡിയോ ട്യൂട്ടോറിയലുകളും അനുബന്ധ പഠനസഹായികളും കണ്ട് പഠിക്കാവുന്നതാണ്. പ്രഥമാധ്യാപകർക്ക് പരിശീലനത്തിന്റെ രജിസ്ട്രേഷൻ, ഹാജർ രേഖപ്പെടുത്തൽ, അധ്യാപകർ സമർപ്പിക്കുന്ന ഉല്പന്നങ്ങളുടെ എണ്ണം രേഖപ്പെടുത്തൽ തുടങ്ങിയവ ഈ സംവിധാനത്തിലൂടെ സാധ്യമാകുന്ന രീതിയിലാണ് പോർട്ടൽ തയ്യാറാക്കിയിരിക്കുന്നത്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.

എല്ലാ സർക്കാർ, എയിഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേയ്ക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ഡയറ്റ് പ്രിൻസിപ്പൽ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ഔദ്യോഗിക വെബ്സൈറ്റ് മുഖേന
അക്കാദമിക്/അക്കൗണ്ട്സ് വിഭാഗം/സ്റ്റോക് ഫയൽ